സൂറ-10

# യൂനുസ്

فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ عَلَىٰ خَوْفٍ مِّن فِرْعَوْنَ وَمَلَإِيْهِمْ أَن يَفْتِنَهُمْ ۚ وَإِنَّ فِرْعَوْنَ لَعَالٍ فِى ٱلْأَرْضِ وَإِنَّهُۥ لَمِنَ ٱلْمُسْرِفِينَ ﴿٨٣﴾

**83.** മൂസായെ അദ്ദേഹത്തിന്റെ ജനത്തിലെ കുറച്ചു യുവാക്കളല്ലാതെ ആരും അംഗീകരിച്ചില്ല; ഫറവോന്റെ മർദനം പേടിച്ചും ഫറവോനെ പേടിക്കുന്ന സ്വന്തം സമുദായത്തിലെ പ്രമാണിമാരെ പേടിച്ചും. ഫറവോനോ, ഭൂമിയിൽ ഏറെ ഉദ്ധതൻ തന്നെയായിരുന്നു; ഒരു പരിധിയിലും ഒതുങ്ങാത്ത കൂട്ടത്തിലുമായിരുന്നു.

وَقَالَ مُوسَىٰ يَٰقَوْمِ إِن كُنتُمْ ءَامَنتُم بِٱللَّهِ فَعَلَيْهِ تَوَكَّلُوٓا۟ إِن كُنتُم مُّسْلِمِينَ ﴿٨٤﴾

**84** മൂസാ സ്വജനത്തോടു പറഞ്ഞു: എന്റെ ജനമേ, യഥാർഥത്തിൽ അല്ലാഹുവിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ സർവവും അവനിൽ സമർപ്പിക്കുവിൻ; നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ!

فَقَالُوا۟ عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّٰلِمِينَ ﴿٨٥﴾

**85** അവർ പ്രതികരിച്ചു: അല്ലാഹുവിൽതന്നെ ഞങ്ങൾ സ്വയം സമർപ്പിച്ചിരിക്കുന്നു. നാഥാ, ഞങ്ങളെ നീ മർദക ജനതക്ക് പരീക്ഷണമാക്കാതിരിക്കേണമേ!

وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَٰفِرِينَ ﴿٨٦﴾

**86** നിന്റെ കാരുണ്യത്താൽ ഞങ്ങളെ ധർമധിക്കാരികളായ ജനത്തിൽ നിന്നു മോചിപ്പിക്കേണമേ!

മൂസായെ =لِمُوسَىٰٓ വിശ്വസിച്ചില്ല(അംഗീകരിച്ചില്ല) =فَمَآ ءَامَنَ
(കുറച്ചു യുവാക്കൾ)മക്കൾ, സന്തതികൾ അല്ലാതെ (ആരും) =إِلَّا ذُرِّيَّةٌ
പേടിച്ചുകൊണ്ട് =عَلَىٰ خَوْفٍ അദ്ദേഹത്തിന്റെ ജനത്തിൽനിന്ന് =مِّن قَوْمِهِۦ
ഫറവോനിൽനിന്ന്(ഫറവോന്റെ) =مِّن فِرْعَوْنَ
സ്വന്തം സമുദായത്തിലെ) പ്രമാണിമാരെ പേടിച്ചുകൊണ്ടും =وَمَلَإِيْهِمْ
(മർദനം)അവൻ അവരെ മർദിക്കുന്നത് =أَن يَفْتِنَهُمْ അവരുടെ (ഫറവോനെ പേടിക്കുന്ന
തീർച്ചയായും ഫറവോൻ =وَإِنَّ فِرْعَوْنَ
ഭൂമിയിൽ =فِى ٱلْأَرْضِ ഏറെ പൊങ്ങിയവൻ(ഉദ്ധതൻ) തന്നെ(യായിരുന്നു) =لَعَالٍ
തീർച്ചയായും അവൻ =وَإِنَّهُۥ
(ഒരു പരിധിയിലും ഒതുങ്ങാത്ത കൂട്ടത്തിലുമായിരുന്നു) =لَمِنَ ٱلْمُسْرِفِينَ
(സ്വജനത്തോട്) മൂസാ പറഞ്ഞു =وَقَالَ مُوسَىٰ പരിധിവിട്ടവരിൽ പെട്ടവനും തന്നെ
നിങ്ങൾ യഥാർഥത്തിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ =إِن كُنتُمْ ءَامَنتُم എന്റെ ജനമേ =يَٰقَوْمِ
എങ്കിൽ അവനിൽ തന്നെ =فَعَلَيْهِ അല്ലാഹുവിൽ =بِٱللَّهِ
നിങ്ങൾ സർവസ്വവും അർപ്പിക്കുവിൻ, ഭരമേൽപിക്കുവിൻ =تَوَكَّلُوٓا۟
നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ(അല്ലാഹുവിനെ =إِن كُنتُم مُّسْلِمِينَ
അപ്പോൾ അവർ പറഞ്ഞു(പ്രതികരിച്ചു) =فَقَالُوا۟ അനുസരിക്കുന്നവരാണെങ്കിൽ)
അല്ലാഹുവിൽതന്നെ =عَلَى ٱللَّهِ
ഞങ്ങൾ ഭരമേൽപിച്ചു(സ്വയം സമർപ്പിച്ചിരിക്കുന്നു) =تَوَكَّلْنَا
ഞങ്ങളെ നീ ആക്കാതിരിക്കേണമേ =لَا تَجْعَلْنَا ഞങ്ങളുടെ നാഥാ =رَبَّنَا
മർദകരായ ജനത്തിന്(ന്റെ) =لِّلْقَوْمِ ٱلظَّٰلِمِينَ പരീക്ഷണം (പീഡിതർ) =فِتْنَةً
ഞങ്ങളെ രക്ഷിക്കേണമേ, മോചിപ്പിക്കേണമേ =وَنَجِّنَا
ധർമധിക്കാരികളായ ജനത്തിൽനിന്ന് =مِنَ ٱلْقَوْمِ ٱلْكَٰفِرِينَ നിന്റെ കാരുണ്യത്താൽ =بِرَحْمَتِكَ

**83:** മൂസായുടെയും ഹാറൂന്റെയും പ്രവാചകത്വത്തോടുണ്ടായ ഫറവോനികളുടെ പ്രതികരണമാണ് മുൻ സൂക്തങ്ങളിൽ പറഞ്ഞത്. മൂസായുടെ തന്നെ സമുദായമായിരുന്ന ഇസ്രയേല്യരുടെ പ്രതികരണമെന്തായിരുന്നു എന്നാണ് ഇനി ഏതാനും സൂക്തങ്ങ

ളിൽ വ്യക്തമാക്കുന്നത്.

آمن എന്ന പദം أَمْن ൽനിന്നുള്ള ക്രിയയായും أمَانة ൽനിന്നുള്ള ക്രിയയായും വരും. أَمْن ന്റെ അർഥം അഭയവും أمَانة ന്റേത് സത്യസന്ധതയുമാണ്. أمن ൽനിന്നുള്ള آمن അതിന്റെ കർമവുമായി നേരിട്ട് ബന്ധപ്പെടുന്നു. ഉദാ: آمنه അയാൾക്കഭയം നൽകി. أمَانة ൽനിന്നുള്ള أَمْن കർമവുമായി ബന്ധപ്പെടുന്നത് ب അല്ലെങ്കിൽ ل എന്നീ അക്ഷരങ്ങളിലൂടെയാണ്. ഉദാ: ءَامَنَ لِمُوسَىٰ-ءَامَنَ بِاللَّهِ. രണ്ടിന്റെയും അർഥം വിശ്വസിച്ചു, സത്യപ്പെടുത്തി എന്നുതന്നെ. എങ്കിലും آمن له വിന്ന് آمن به യെക്കാൾ അർഥവ്യാപ്തിയുള്ളതായി പണ്ഡിതന്മാർ പറയുന്നു. ഒരാളെ സത്യസന്ധനായി അംഗീകരിക്കുന്നതിനും آمن به എന്നു പറയും. അയാളെ ഗുരുവും നായകനുമായി സ്വീകരിക്കുകയും അയാളുടെ ഉപദേശനിർദേശങ്ങൾ അംഗീകരിക്കുകയും ചെയ്തുകൊള്ളണമെന്നില്ല. آمن له എന്നു പറയുമ്പോൾ അയാളെ സത്യപ്പെടുത്തുന്നതോടൊപ്പം മാർഗദർശിയായി സ്വീകരിക്കുകയും അയാളുടെ വാക്കുകൾ അനുസരിക്കുകയും ചെയ്തു എന്നുകൂടി അർഥമാകുന്നു. ഇവിടെ فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ (അദ്ദേഹത്തിന്റെ ജനത്തിലെ കുറച്ചു യുവാക്കളല്ലാതെ മൂസായിൽ ആരും വിശ്വസിച്ചില്ല) എന്നുപറയുന്നത് ഈ വിശാലമായ അർഥത്തിലാണ്. ഇസ്രയേലീ സമൂഹത്തിലെ ബഹുഭൂരിപക്ഷം അദ്ദേഹത്തെ നിഷേധിച്ചു എന്ന് അതിനർഥമില്ല. അടിസ്ഥാനപരമായി ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ് തുടങ്ങിയ പ്രവാചകന്മാരുടെ പൈതൃകം പുലർത്തുന്ന ഏകദൈവവിശ്വാസികൾ തന്നെയായിരുന്നു അവർ. മൗലികമായി ആ പ്രവാചകപിതാക്കന്മാർ പഠിപ്പിച്ച ദൈവികധാർമിക പാഠങ്ങൾ തന്നെയാണ് മൂസാ(അ) പ്രബോധനം ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു. പക്ഷേ മൂസാനബിയെ നേതാവായി അംഗീകരിക്കാനോ അദ്ദേഹത്തിന്റെ മാർഗദർശനം പിൻപറ്റാനോ ആ സമൂഹത്തിലെ തലമുതിർന്നവരും പ്രമാണിമാരും പൊതുവിൽ തയാറായിരുന്നില്ല.

അവരുടെ നിലപാട് ഇതായിരുന്നു: മൂസാ പറയുന്നതൊക്കെ ശരിതന്നെ. നമ്മുടെ പൂർവികരായ പ്രവാചകന്മാരിൽനിന്ന് പൈതൃകമായി ലഭിച്ചിട്ടുള്ളതാണത്. എന്നാൽ നമ്മുടെ സാഹചര്യം ഇന്ന് ഏറെ മാറിയിരിക്കുന്നു. നാം ഈ നാട്ടിൽ ന്യൂനപക്ഷമാണ്. ദുർബലരാണ്. രാജ്യത്തിന്റെ യഥാർഥ അവകാശികളും അധികാരികളും തങ്ങളാണെന്നും തങ്ങളുടെ സംസ്കാരം മാത്രമേ ഇവിടെ നിലനിൽക്കാവൂ എന്നും വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷമായ ഖിബ്തികൾ. ഇസ്രയേല്യരെ കേവലം അടിമകളായാണവർ കരുതുന്നതും പെരുമാറുന്നതും. ഈ സാഹചര്യത്തിൽ അവരുടെ മേധാവിത്വം അംഗീകരിച്ചും താൽപര്യങ്ങൾക്കു വിധേയരായും കഴിഞ്ഞുകൂടുന്നതാണ് നമുക്ക് ഗുണകരം. അവരുടെ ഇംഗിതങ്ങൾക്കു വഴങ്ങി പ്രീണിപ്പിച്ചും പ്രീതിപ്പെടുത്തിയും നമ്മുടെ സുരക്ഷ ഉറപ്പാക്കുകയാണ് വേണ്ടത്. മൂസാ ഉന്നയിക്കുന്ന ആദർശങ്ങളുമായി ഇറങ്ങിപ്പുറപ്പെടുന്നത് അവരെ ഏറെ പ്രകോപിതരാക്കാനും നമുക്കെതിരെയുള്ള മർദന പീഡനങ്ങൾ മൂർഛിപ്പിക്കാനും മാത്രമേ ഉതകൂ. ഈവക തിരിച്ചറിവുകളൊന്നുമില്ലാത്ത അത്യാവേശക്കാരായ ചെറുപ്പക്കാരാണ് മൂസായുടെ പിന്നിൽ കൂടിയിരിക്കുന്നത്. ഈ തീവ്രവാദികൾ ഇസ്രയേലീ സമുദായത്തിനു മഹാവിപത്താണ്.

വിമോചന സമരങ്ങൾക്കും ധാർമിക വിപ്ലവ ആദർശ പ്രസ്ഥാനങ്ങൾക്കും എതിരെ അതിന്റെ ഗുണഭോക്താക്കളിൽനിന്നു തന്നെ എന്നും ഉയർന്നുവരാറുള്ളതാണീ വിമർശനം. ഇക്കാലത്തെ ഇസ്ലാമിക പ്രസ്ഥാനങ്ങളും അത് നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. സമുദായത്തിലെ സമ്പന്നരും സ്ഥാനമാനങ്ങളും ജനസമ്മതിയും നേടിയവരിലധികപേരും അതൊക്കെ നിലനിർത്തുന്നതിന്, സമുദായത്തിന്റെ പൊതുവായ മോചനത്തെക്കാളും സത്യധർമങ്ങളുടെ വിജയത്തെക്കാളും മുൻഗണന നൽകു

ന്നു. നിലവിലുള്ള സാമൂഹികാവസ്ഥയിൽ മാറ്റം വരുന്നത് തങ്ങളുടെ താൽപര്യങ്ങൾക്ക് ഹാനികരമാണെന്ന് ഭയപ്പെടുന്നു. അവർ തങ്ങളുടെ ശക്തിയും സ്വാധീനവുമൊക്കെ നിലവിലുള്ള അവസ്ഥ നിലനിർത്തുന്നതിനനുകൂലമായി ജനങ്ങളെ അണിനിരത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. അധികാര ശക്തികളെ അമിതമായി ഭയപ്പെടുന്നു ഉത്തിഷ്ഠതയും ജാഗ്രതയുമില്ലാത്ത പാമര ജനങ്ങളെ അവർക്ക് എളുപ്പം വശീകരിക്കാൻ കഴിയും. അധിനിവിഷ്ടശക്തികളും നിക്ഷിപ്തതാൽപര്യക്കാരും സ്വേഛാധിപത്യശക്തികളും ഭീരുക്കളുമായ സമുദായ നേതാക്കളെയും പ്രമാണിമാരെയും എളുപ്പം വിലക്കെടുക്കുകയും ചെയ്യും. മൂസാനബിയുടെ കാലത്ത് ഇസ്രയേലികളിലെ ഏറ്റവും വലിയ ധനാഢ്യനായ ഖാറൂൻ ഫറവോന്റെ പക്ഷത്തായിരുന്നു.

മൂസായോടും ഹാറൂനോടും(അ) ഇസ്രയേല്യർക്കുണ്ടായിരുന്ന സമീപനം അവർ പറഞ്ഞതായി ബൈബിൾ ഉദ്ധരിക്കുന്ന(പുറപ്പാട് 15:20,21) വചനം വ്യക്തമാക്കുന്നുണ്ട്: "നിങ്ങൾ ഫറവോന്റെയും ദാസന്മാരുടെയും ദൃഷ്ടിയിൽ ഞങ്ങളെ കുറ്റക്കാരാക്കി. അവരുടെ കൈയിൽ ഞങ്ങളെ കൊല്ലാൻ വാൾ കൊടുത്ത നിങ്ങളെ നോക്കി കർത്താവ് ന്യായം വിധിക്കട്ടെ." ഇസ്രായേല്യർ ഹാറൂന്നോടും മൂസായോടും പറഞ്ഞതായി തൽമൂദ് ഉദ്ധരിക്കുന്നു: "ഒരു ചെന്നായ ആടിനെ പിടിച്ചപ്പോൾ അതിനെ രക്ഷിക്കാൻ ശ്രമിച്ച ഇടയനെപ്പോലെയാണ് നമ്മുടെ ഉദാഹരണം. അവർ തമ്മിലുള്ള പിടിവലിയിൽ ആടിന്റെ ഒരുഭാഗം തന്നെ നഷ്ടപ്പെട്ടുപോയി. ഇതുപോലെ നിങ്ങളുടെയും ഫറവോന്റെയും പിടിവലിയിൽ ഞങ്ങളുടെ കഥകഴിയും." ഇസ്രയേല്യർ മൂസാ നബിയെ വിമർശിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു: أُوذِينَا مِن قَبْلِ أَن تَأْتِيَنَا وَمِنۢ بَعْدِ مَا جِئْتَنَا (നിന്റെ വരവിനു മുമ്പ് ഞങ്ങൾ മർദിതരായിരുന്നു. നീ വന്നശേഷവും ഞങ്ങൾ മർദിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു(7:129) എന്ന വചനവും അവരുടെ മനോഗതം സ്പഷ്ടമാക്കുന്നുണ്ട്.

മക്കൾ, സന്തതികൾ എന്ന പോലെ അടിസ്ഥാനപരമായി കൊച്ചുകുട്ടികളാണ് ذرّية. ആ പദങ്ങളെപ്പോലെ ചെറുപ്പക്കാർ, യുവാക്കൾ എന്ന അർഥത്തിലും സാധാരണ ഉപയോഗിക്കുന്നു. യുവാക്കളാണ് ഏതു സമൂഹത്തിലും ശക്തിയുടെയും ശൗര്യത്തിന്റെയും ഖജനാവ്. അവർ പൊതുവിൽ സങ്കുചിത താൽപര്യങ്ങളിൽനിന്ന് മുക്തരും ആദർശധീരരും ഉത്തിഷ്ഠരുമായിരിക്കും. വിപ്ലവപ്രസ്ഥാനങ്ങളുടെ മുൻപന്തിയിൽ അവരാണുണ്ടാവുക. പൂർവചരിത്രവും സമകാലീന ചരിത്രവും അതു സാക്ഷ്യപ്പെടുത്തുന്നു. ഏതു പ്രവാചകനെയും അംഗീകരിക്കാൻ ആദ്യം മുന്നോട്ടു വന്നിരുന്നത് യുവാക്കളായിരുന്നു. സ്വന്തം സമൂഹത്തിന്റെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പങ്കാളികളാകാൻ കൂട്ടാക്കാതെ അവരിൽനിന്ന് പലായനം ചെയ്ത് ഗുഹാവാസികളായത് ഏതാനും ചെറുപ്പക്കാർ فتية ആയിരുന്നുവെന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട് (18:13). മുഹമ്മദ് നബിയുടെ ആദ്യകാല ശിഷ്യന്മാരെല്ലാം യുവാക്കളായിരുന്നു. അലിയ്യുബ്നു അബീത്വാലിബ്, ജഅ്ഫറുത്ത്വയ്യർ, സുബൈർ, ത്വൽഹ, സഅ്ദുബ്നു അബീവഖാസ്, മുസ്അബുബ്നു ഉമൈർ, അബ്ദുല്ലാഹിബ്നു മസ്ഊദ് തുടങ്ങിയവർ ഇസ്‌ലാം സ്വീകരിക്കുമ്പോൾ 20 വയസ്സിൽ താഴെയായിരുന്നു പ്രായം. 20നും 30നും ഇടക്ക് പ്രായമുള്ളവരായിരുന്നു അബ്ദുർറഹ്മാനുബ്നു ഔഫ്, ബിലാൽ, സുഹൈൽ മുതലായവർ. അബൂ ഉബൈദ, സൈദുബ്നു ഹാരിസ്, ഉസ്മാനുബ്നു അഫ്ഫാൻ, ഉമർ തുടങ്ങിയവരുടെ പ്രായം 30നും 35നും മധ്യേയായിരുന്നു. പ്രഥമ വിശ്വാസിയായ അബൂബക്കറിന് അന്ന് 38 വയസ്സായിരുന്നു. നബിയെക്കാൾ പ്രായമുള്ളതായി ആദ്യകാല മുസ്‌ലിംകളിൽ ഒറ്റയാളേ കാണുന്നുള്ളൂ- ഉബൈദത്തുബ്നുൽ ഹാരിസ്. പ്രവാചകന്റെ സമപ്രായക്കാരനും അക്കൂട്ടത്തിൽ ഒരാളേ ഉണ്ടായിരുന്നുള്ളൂ- അമ്മാറുബ്നു യാസിർ. മുഹമ്മദിന്റെ അനുയായികൾ ഏതാനും തലതിരിഞ്ഞ ചെറുപ്പക്കാർ മാത്രമാണ് എന്ന ഖുറൈശിക

ളുടെ വിമർശനത്തിന്റെ പശ്ചാത്തലത്തിൽ ഖുർആന്റെ ഈ ذُرِّيَّة പ്രയോഗത്തിന് ഇങ്ങനെയൊരു ധ്വനികൂടിയുണ്ട്. മുഹമ്മദിന്റെ മാത്രമല്ല, ഇസ്രയേല്യരെ ഫറവോന്റെ ക്രൂരമായ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച മൂസാ(അ)യുടെ ആദ്യ അനുയായികളും ഏതാനും യുവാക്കൾ തന്നെയായിരുന്നു. നിങ്ങളുന്നയിക്കുന്നതുപോലുള്ള ആക്ഷേപങ്ങൾ അവരുടെ നിക്ഷിപ്തതാൽപര്യക്കാരും ഭീരുക്കളുമായ കാരണവന്മാരും ഉന്നയിച്ചിരുന്നു. യുവജനങ്ങൾക്കാണ് ധാർമികമായ ശക്തികളെ നിർഭയം ചെറുക്കാനും സങ്കുചിത താൽപര്യങ്ങൾ അവഗണിച്ചുകൊണ്ട് സത്യത്തിനും അധർമത്തിനും വേണ്ടി നില കൊള്ളാനുമുള്ള ധൈര്യവും ആവേശവുമുണ്ടാവുക.

ذُرِّيَّة ന്, 'കുറച്ചു യുവാക്കൾ' എന്നാണ് അധികപണ്ഡിതന്മാരും അർഥം കൽപിച്ചിട്ടുള്ളത്. എന്നാൽ എണ്ണത്തിലെ കുറവ് ഇവിടെ ഉദ്ദേശ്യമില്ല എന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. യുവാക്കളെ പൊതുവിൽ ഉദ്ദേശിച്ചുകൊണ്ടാണാ പ്രയോഗമെന്ന് അവർ കരുതുന്നു. അതായത്, ഇസ്രയേലീ സമൂഹത്തിലെ യുവജനങ്ങൾ മാത്രമേ മൂസായെ നേതാവായി അംഗീകരിക്കാനും പിന്തുടരാനും തയാറായുള്ളൂ. ആദ്യഘട്ടത്തിൽ ഒരുപക്ഷേ യുവാക്കളിൽ ചിലർ മാത്രമേ അദ്ദേഹത്തെ സ്വാഗതം ചെയ്തിട്ടുണ്ടാവൂ. പിന്നീട് ഇസ്രയേലി യുവാക്കൾ പൊതുവിൽ മൂസായുടെ നേതൃത്വം അംഗീകരിക്കുകയും പിന്തുടരുകയും ചെയ്തു.

مِّن قَوْمِهِ (അവന്റെ ജനത്തിൽനിന്ന്) എന്നതിലെ 'അവന്റെ' കൊണ്ടുദ്ദേശ്യം, ഫറവോന്റെ ആണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതായത്, സൂക്തം സംസാരിക്കുന്നത് ഇസ്രയേല്യരെ കുറിച്ചല്ല; ഖിബ്തികളെ കുറിച്ചാണ്. ഫറവോന്റെ ജനത്തിൽ നിന്ന് വിശ്വാസികളായ ഈ ഏതാനും പേർ ഫറവോന്റെ ഭാര്യ, കുടുംബത്തിലെ മറ്റൊരംഗം, ഖജനാവു സൂക്ഷിപ്പുകാരൻ, അയാളുടെ ഭാര്യ, ഫറവോന്റെ ഭാര്യയുടെ തോഴി തുടങ്ങിയവരാണെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ളതും സന്ദർഭത്തോട് കൂടുതൽ യോജിക്കുന്നതും 'അവന്റെ' സൂചിപ്പിക്കുന്നത് മൂസാ നബിയുടെ എന്നാണ്. قَوْمِهِ കൊണ്ടുദ്ദേശ്യം മൂസാനബിയുടെ പ്രബോധിത സമൂഹമാണ് എന്നും കരുതാവുന്നതാണ്. ഇസ്രയേല്യരെപ്പോലെ ഖിബ്തികളും അദ്ദേഹത്തിന്റെ പ്രബോധിതരായിരുന്നു. ഈ രണ്ടു വിഭാഗത്തിൽനിന്നുള്ള ഏതാനും ചെറുപ്പക്കാർ മാത്രമാണദ്ദേഹത്തിൽ വിശ്വസിച്ചത്. മുതിർന്നവർ വിശ്വസിക്കാതിരുന്നത് അദ്ദേഹം വ്യാജനാണെന്ന് തോന്നിയതുകൊണ്ടല്ല; മറിച്ച് മൂസാ(അ) യെ അംഗീകരിക്കുന്നവർ ഫറവോനികളുടെ കൊടിയ പീഡനത്തിനിരയാകുമെന്ന ഭയംകൊണ്ടാണ്. വിശ്വാസികളായ യുവാക്കൾക്കും തങ്ങൾ പീഡിപ്പിക്കപ്പെടുമെന്ന ഭയമുണ്ടായിരുന്നു. ആ ഭയം അസ്ഥാനത്തായിരുന്നില്ല എന്ന് വ്യക്തമാക്കുകയാണ്... وَإِنَّ فِرْعَوْنَ لَعَالٍ എന്നു തുടങ്ങുന്ന വാക്യം. അയാൾ മഹാഗർവിഷ്ഠനും സ്വേഛാധിപതിയുമായിരുന്നു. ആരെയും തന്റെ മുമ്പിൽ തലയുയർത്താനനുവദിക്കുമായിരുന്നില്ല. നൈതികതയുടെയും ധാർമികതയുടെയും സകലമാന പരിധികളും ലംഘിച്ചുകൊണ്ടുള്ള മർദന പീഡനങ്ങളാണ് അയാൾ പ്രതിയോഗികൾക്കു നേരെ അഴിച്ചുവിട്ടിരുന്നത്.

**84:** മൂസാ(അ) ഈമാന്റെ സത്യവിശ്വാസത്തിന്റെ യഥാർഥ്യം ശിഷ്യന്മാർക്ക് വിശദീകരിച്ചുകൊടുക്കുകയാണ്: വിശ്വാസമെന്നാൽ സർവവും അല്ലാഹുവിന് സമർപ്പിക്കലാണ്. വിശ്വാസം അല്ലാഹുവിനും കർമം ഫറവോനും സമർപ്പിക്കുക എന്ന നയം സ്വീകാര്യമല്ല. അല്ലാഹുവിൽ വിശ്വസിക്കുന്നവർ ജീവിതം മുഴുവൻ അവന്റെ മുമ്പിൽ സമർപ്പിക്കണം.

إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ (എന്റെ ആരാധനയും അനുഷ്ഠാനവും ജീവിതവും മരണവുമെല്ലാം അല്ലാഹുവിന്നുള്ളതാകുന്നു-6:162) എന്ന് പ്രതിജ്ഞ ചെയ്തവനാണ് വിശ്വാസി. അവൻ എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് പ്രതിബന്ധങ്ങൾക്കു മുമ്പിൽ പതറാതെ, യാതൊരാക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാതെ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നു يُجَٰهِدُونَ فِى سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوْمَةَ لَآئِمٍ (5:54). അവരാണ് മുസ്ലിംകൾ. ആത്മീയമായി അല്ലാഹുവിൽ വിശ്വസിക്കുകയും പ്രായോഗിക ജീവിതത്തിൽ ദൈവവിരുദ്ധ അധാർമിക ശക്തികൾക്ക് അടിമപ്പെടുകയും ചെയ്യുന്നവർ യഥാർഥ മുസ്ലിംകളല്ല.

**85,86:** ശിഷ്യന്മാർ മൂസായുടെ ഉപദേശം നിസ്സങ്കോചം സ്വീകരിച്ചു. ഈ സ്വീകരിക്കൽ വെറുമൊരധരവ്യായാമമായിരുന്നില്ല; തവക്കുലിന്റെ അർഥം ശരിക്കും ഗ്രഹിച്ചുകൊണ്ടുള്ള ഉൾക്കൊള്ളൽ തന്നെയായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഒപ്പമുള്ള പ്രാർഥന.

അല്ലാഹുവിൽ ഭരമേൽപിക്കുക (التوكل على الله) എന്നാൽ, എല്ലാം അല്ലാഹുവിന്റെ വിധിപോലെ വരട്ടെ എന്നുകരുതി നിഷ്ക്രിയമായി കുത്തിയിരിക്കുകയല്ല. പ്രതിബന്ധങ്ങളെ വകവെക്കാതെ ലക്ഷ്യത്തിലേക്കു മുന്നേറാനുള്ള ദൃഢനിശ്ചയത്തിന്റെയും കർമോത്സാഹത്തിന്റെയും പ്രകടനമാണത്. رَبَّنَا എന്നു തുടങ്ങുന്ന പ്രാർഥനയിലൂടെ അവർ പറയുന്നതിതാണ്: അല്ലാഹുവേ, ഞങ്ങളിതാ എല്ലാം നിന്നിൽ ഭരമേൽപിച്ചുകൊണ്ട്, നിന്റെ സഹായത്തിലും മാർഗദർശനത്തിലും പ്രതീക്ഷയർപ്പിച്ചുകൊണ്ട് നിന്റെ മാർഗത്തിൽ മഹാശക്തിയായ ഫറവോനികളോട് സമരംചെയ്യാൻ സന്നദ്ധരായിരിക്കുന്നു. നീ ഞങ്ങളെ അവരുടെ അക്രമ മർദനങ്ങൾക്കിരയാക്കരുതേ. لَا تَجْعَلْنَا فِتْنَةً എന്നാണ് മൂലവാക്യം. പരീക്ഷണം, കുഴപ്പം, പീഡനം എന്നീ അർഥങ്ങളുള്ള പദമാണ് فِتْنَةً എന്ന് നേരത്തെ വിശദീകരിച്ചിട്ടുണ്ട്. ഞങ്ങളെ ഈ ധിക്കാരികളുടെ അക്രമ മർദനങ്ങൾക്ക് ഇരയാക്കരുതേ എന്നാണ് ഇവിടെ ആശയം. وَنَجِّنَا (ഞങ്ങളെ രക്ഷിക്കേണമേ) എന്നതുകൊണ്ട് വിവക്ഷിക്കുന്നത്, ഞങ്ങളെ മോചിപ്പിക്കേണമേ, സ്വതന്ത്രരാക്കേണമേ എന്നാണ്. ഖിബ്തികളെയും ഇസ്രയേല്യരെയും ഇസ്ലാമിലേക്ക് പ്രബോധനം ചെയ്യുക എന്നതോടൊപ്പം പീഡിതരായ ഇസ്രയേല്യരെ ഖിബ്തി അടിമത്വത്തിൽനിന്ന് മോചിപ്പിക്കുക എന്നതുകൂടി മൂസാ(അ)യുടെ നിയോഗലക്ഷ്യമായിരുന്നു. ആദ്യത്തെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടിരുന്നുവെങ്കിൽ ഇസ്രായേല്യരുടെ അടിമത്തപ്രശ്നം അതോടെ തീരുമായിരുന്നു. വിശ്വാസികളായ ഖിബ്തികളും ഇസ്രയേല്യരും തുല്യ അവകാശമുള്ള ഒറ്റ സമൂഹ(മുസ്ലിം സമൂഹം)മായിത്തീരുമായിരുന്നു. പക്ഷേ, ഖിബ്തികൾ സത്യനിഷേധത്തിൽ ഉറച്ചു നിന്നതിനാൽ ഈജിപ്തിൽനിന്ന് പലായനം ചെയ്യുകയേ ഇസ്രയേല്യർക്ക് ഇനി മോചനമാർഗമുള്ളൂ. അതിനാൽ ഈ നാട്ടിൽനിന്ന് സുരക്ഷിതമായി പലായനം ചെയ്യാൻ ഞങ്ങളെ തുണക്കേണമേ എന്ന ആശയവും ഈ പ്രാർഥന ഉൾക്കൊള്ളുന്നു. ■